# ഓപറേഷൻ അബു

**അബ്ദുൽ കരീം കൊടിയത്തൂർ**

കുട്ടികൾ വീട്ടിൽ നിന്ന് പുറപ്പെടുകയും സ്കൂളിൽ എത്താതിരിക്കുകയും ചെയ്യുന്ന അത്ഭുത പ്രതിഭാസത്തിന് 'വിദ്യാഭ്യാസ മിടുക്കൻമാർ' എന്ത് പേരാണ് ഇട്ടിരിക്കുന്നതെന്നറിയില്ല. എന്തായിരുന്നാലും അതൊരു നിത്യ സംഭവമായിരുന്നു അന്നൊക്കെ. 'കള്' കാട്ടി പുരയിൽ നങ്കൂരമിട്ട് കുത്തിയിരുന്ന് കളയുന്നവരെയും, പുറപ്പെട്ടിട്ട് വഴിയിൽ തങ്ങിപ്പോകുന്നവരെയും തെരഞ്ഞ് പോവുകയെന്നത് സ്കൂൾ ദിനചര്യയിൽ മുഖ്യ അജണ്ടയായിരുന്നുതാനും. വരാത്ത നാലഞ്ച് പേരെതിരിഞ്ഞ് വന്ന പത്തിരുപത് പേർ നടത്തുന്ന നിരന്തരനട്ടം തിരച്ചിലായിരുന്നു ഞങ്ങളുടെ അന്നത്തെ സ്കൂൾ ജീവിതം.

വെളുത്തു മെലിഞ്ഞു വില്ലുപോലെ വളഞ്ഞ മാധവൻ മാസ്റ്റർ അന്ന് വരാത്തവരുടെ പേരുകൾ ഉറക്കെ വായിക്കുന്നതോടെ ഞങ്ങളുടെ 'പഠന പ്രക്രിയ' ആരംഭിക്കുയായി. മേപ്പടിയാൻമാരെ വാലു 'മുറിയാതെ' പിടികൂടി മാഷുടെ കുണ്ടൻ വടിയ്ക്കു മുമ്പിലെത്തിക്കേണ്ടതിലേക്ക് സ്കോഡുകൾ രൂപീകരിച്ച് ഓരോ പ്രദേശത്തേക്കും ഡപ്യൂട്ട് ചെയ്യുകയായിരുന്നല്ലോ പതിവ്. കൂട്ടത്തിൽ തടിമിടുക്കും കിളിരവുമുള്ള നെടിയ ഒരുത്തനെ ലീഡറായി അവരോധിച്ചും ലീഡറായി അവരോധിച്ചും കഴിഞ്ഞാൽ ദൗത്യസംഘം കർമ്മനിരതമാവുകയായി. ഇന്നലെ വരാതിരുന്നവരാകും ഇന്നത്തെ സ്കോഡ് ലീഡർമാർ എന്നതിനാൽ ഏത് ഭാഗത്തേയ്ക്ക് പുറപ്പെടാനും സ്കോഡ് റെഡിയാണെന്നല്ല, ഉത്സാഹഭരിതവുമായിരുന്നു! ഒരു ഉല്ലാസയാത്ര തരപ്പെട്ട പോലെ.

വയറുവേദന, പല്ലു വേദന, കാലുവേദന, തലവേദന എന്നിങ്ങനെ നഗ്നദൃഷ്ടികൾക്ക് കാണാൻ പറ്റാത്ത നടപ്പുദീനങ്ങൾ അഭിനയിച്ച് വീട് പുൽകി സുഖവാസം കൊള്ളുന്ന 'ജീനിയസ്സുകൾ' സംഘത്തെ കാണുമ്പോൾ ഓടുകയോ, ചാടുകയോ മരത്തിൽ കയറി കുത്തിയിരിക്കു

കയോ ചെയ്തേക്കാം. ചിലർ ‘കൊരോദം’ മൂത്ത് പ്രകോപിതരാവുകയും കല്ല്, കുപ്പി, പാത്രങ്ങൾ മുതൽ ചാണകം വരെ സ്ക്വാഡിന്റെ നേരെ വലിച്ചെറിഞ്ഞ ചരിത്രവും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ സ്കോഡുകൾ ക്ഷമാശീലരും, ദൃഢചിത്തരും, നയചതുരരുമായിരിക്കണമെന്ന് പ്രത്യേകം ഉപദേശിക്കപ്പെട്ടു. മരത്തിൽ കയറിയവനെ ഇക്കിളിയാക്കിയാണ് കീഴ്പ്പോട്ട് ഇറക്കേണ്ടതെന്നതിനാൽ ഓരോ സംഘത്തിലും ഒരു ‘ഇക്കിളി സ്പെഷ്യലിസ്റ്റ്’ ഉണ്ടാകുന്നത് വളരെ ഗുണം ചെയ്യും. ശസ്ത്രക്രിയാ ടീമിലെ ‘അനസ്തീഷ്യ’ സ്പെഷലിസ്റ്റിനെപ്പോലെ.

എന്നാൽ വീട്ടിൽ നിന്ന് പുറപ്പെട്ട് വഴിയിൽ തങ്ങിപ്പോയവർ സാമാന്യേന നിർദോഷികളും നിർമലഹൃദയരും നിരുപദ്രവകാരികളുമാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. പോകുന്ന വഴിക്ക് ഒരു ഊർച്ച, പഞ്ചാരമാവിൽ ഒന്നു രണ്ടു പഴുത്ത മാങ്ങ, ഇരുവഴിഞ്ഞിപ്പുഴയിൽ ഒരു കൂട്ടം കോലിമീനുകൾ, വഴിയിൽ ലക്ഷണമൊത്തൊരു കാളക്കുട്ടി, ഇതൊക്കെമതി ഇത്തരക്കാരുടെ ഹൃദയം തരളിതമാവുകയും നിന്നിടത്ത് തന്നെ സ്വയം മറന്ന് നിന്ന് പോവാനും, ഇതിലേതെങ്കിലുമൊന്ന് കണ്ണിൽപെടുന്നതോടെ, ആ സാധുക്കളുടെ ദിനചര്യതെറ്റുകയും എവിടുന്ന വരുന്നു, എങ്ങോട്ട് പോകുന്നു എന്നതറിയാതെ ദിശതെറ്റിപ്പോവുകയും ചെയ്യുന്നു. ഇത്തരക്കാർ സ്കോഡിനെ കണ്ട മാത്രയിൽ ബോധം തിരിച്ച് കിട്ടിയപോലെ സംഘത്തിലലിയുകയും, അത്യുത്സാഹത്തോടെ സ്കൂളിലേക്ക് നടകൊള്ളുകയും ചെയ്യും. ആയതിനാൽ കള് കാട്ടികളെക്കാൾ സ്കോഡുകൾക്ക് കമ്പം ഇത്തരം, വഴിയിൽ വെച്ച് സ്വയം ആവിയായിപ്പോകുന്ന പരമാർത്ഥക്കാരോടായിരുന്നു.

സ്കൂളിൽ എന്നും പോകുന്നവനല്ല പരമാവധി പോകാതിരിക്കുന്നവനായിരുന്നു അന്ന് കേമൻ. പോകാതിരിക്കാൻ അസുഖം തന്നെ വേണം എന്ന വാശിയൊന്നും പല വിദ്വാൻമാർക്കുമുണ്ടായിരുന്നില്ല. മുടികളച്ചിൽ, കുറ്റൂസ, പേറ്റിന് കൂട്ടിക്കൊണ്ടുപോകൽ, പുരകെട്ടൽ, വേലികെട്ടൽ, കിണർ തോണ്ടൽ മുതലായ അതീവ ഗൗരവപ്പെട്ട കാര്യങ്ങളാലും സ്കൂളിലേക്കുള്ള വഴി മറന്നേക്കാം. മരണം പരീക്ഷിച്ചു വിജയിച്ചവരും അക്കൂട്ടത്തിലുണ്ടായിരുന്നു. എന്റെ ചങ്ങാത് റഹീം അത്തരത്തിൽ പെട്ട ഒരു മഹാനാണ്. എളാപ്പ, മൂത്താപ്പ, അമ്മായി, അമ്മാവൻ, എന്ന് തുടങ്ങി അവൻ സ്കൂളിൽ അവതരിപ്പിച്ച ചരമപ്പട്ടിക വളരെ നീളം കൂടിയതാണ്. നാലാം ക്ലാസ്സിൽ ടിയാനു വേണ്ടി മരിച്ചവരുടെ എണ്ണം നോക്കിയാൽ അന്നത്തെ കെടിയത്തൂർ പഞ്ചായത്തിൽ നിറയെ മീസാൻ കല്ലല്ലാതെ ആരും ‘ഹയാത്തോടെ’ ഉണ്ടാവാൻ തരമില്ല. എന്നിട്ടും അഞ്ചാം ക്ലാസ്സിലെ ആദ്യദിവസം തന്നെ റഹീമിന് ആനു



കൂല്യമായി ആളുകൾ വീണ്ടും വീണ്ടും മരിച്ച് കൊണ്ടേയിരുന്നു.

ക്ലാസ്സിലേക്ക് വളരെ അപൂർവ്വമായേ ഉദിച്ചിരുന്നുവെങ്കിലും അബു ഞങ്ങളുടെ ഹീറോ ആയിരുന്നു. വരുന്ന ദിവസങ്ങളിൽ അണ്ണാൻ, തത്തമ്മ, ഉണ്ണ്യത്തി മുതലായ പക്ഷിമൃഗാദികളുമായേ അവൻ പ്രത്യക്ഷപ്പെടാറുണ്ടായിരുന്നുള്ളൂ എന്നതാണ് കാരണം. ക്ലാസ്സ് മുറിയേക്കാൾ തന്റെ സാന്നിധ്യം പാടവരമ്പത്തും, മരക്കൊമ്പത്തും, പുഴവക്കത്തുമാണാവശ്യമെന്ന് തിരിച്ചറിവ് നേടിയ പരമസാത്വികനായിരുന്നു കുന്നത്ത് പറമ്പത്ത് അബു.

അന്ന് ക്ലാസ്സിൽ വരാതെ അബു കുഴിക്കണ്ടത്തിലെ പരലിനും പിരാലിനും എസ്കോർട്ട് കൊടുക്കുന്നുണ്ടെന്ന ഇന്റലിജൻസ് റിപ്പോർട്ട് മാധവൻ മാസ്റ്ററുടെ രോമം നിറഞ്ഞ ചെവിയിലേയ്ക്ക് എത്തിച്ചത് ഏത് ഇരപ്പാളിയാണെന്ന് ഇന്നുമറിയില്ല.

ഞൊടിയിടയ്ക്കുള്ളിൽ ആക്ഷൻ പ്ലാൻ തയ്യാർ. ‘ഓപ്പറേഷൻ അബു’സ്കോഡിന്റെ നേതൃത്വം മാധവൻ മാഷ് തന്നെ നേരിട്ട് ഏറ്റെടുത്തു. നെറ്റിയേക്കാൾ വീതി കുറഞ്ഞ ചെളി നിറഞ്ഞ വഴുക്കുന്ന വരമ്പിലൂടെ വഴുക്കിയും വീണും മാഷും സ്കോഡും അബുവിന്റെ മുമ്പിൽ സമാഗതസ്യ.

കന്ന് പൂട്ടുന്ന കലക്ക് വെള്ളത്തിൽ പരലും കോട്ടിയുമായി ‘അന്യോന്യത്തി’ ലേർപ്പെട്ട അബു മാഷെക്കണ്ടമാത്രയിൽ വരമ്പിനടുത്തേക്ക് വന്ന് ഭയഭക്തി ബഹുമാന പുരസ്സരം നമ്രശിരസ്കനായി നിലകൊണ്ടു. കഥാ പ്രസംഗഭാഷയിൽ പറഞ്ഞാൽ അന്തരീക്ഷം മേഘാവൃതമായി. കന്നു പൂട്ടിലേർപ്പെട്ടവരും എരുതുകളും നിശ്ചലം. പാടത്തെ തവളകൾ പോലും കരയാൻ മറന്ന സാന്ദ്ര നിമിഷങ്ങൾ! മാധവൻ മാഷ് വരമ്പത്ത് നിന്ന നിരപ്പിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വിദ്യ നേടാഞ്ഞാലുണ്ടാകുന്ന ഏനക്കേടുകളെക്കുറിച്ചും ലളിതവും സ്ഫുടവുമായ, മൂരികൾക്ക് പോലും മനസ്സിലാകുന്ന തെളി മലയാളത്തിൽ രണ്ട് പേജിൽ കവിയാതെ ഉപന്യസിച്ചു. അബുവിന്റെ അരയിലുള്ള കുറ്റിമ്പാളയിൽ കിടന്ന പരൽ പിടഞ്ഞ ശബ്ദമല്ലാതെ മറ്റൊന്നും അന്തരീക്ഷത്തിലില്ല, അകമ്പടിയായി. വിദ്യാസമ്പാദനത്തിന്റെ അനന്തസാധ്യതകളെയും മീൻ പിടുത്തത്തിന്റെ നൈമിഷികതയെയും നിരർത്ഥകതയെയും തന്റെ ശിഷ്യനിലേക്ക് ആവാഹിച്ച് നൽകിയ പുളകത്തിൽ മാധവൻ മാഷും സ്കോഡും മനഃപരിവർത്തനം വന്ന അബുവിന്റെ പശ്ചാത്താപ വിവശമായ വാക്കുകൾക്കായി കാതോർത്തുനിന്നു.

എല്ലാം പെട്ടെന്നായിരുന്നു. അതുവരെ നിർഗുണപരബ്രഹ്മമായി പരിലസിച്ച അബു പെട്ടെന്ന് കുനിയുകയും ഒരു പോങ്ങ ചെളിവാരി മാധവൻമാഷുടെ മുഖത്തേയ്ക്ക് ചാർത്തിക്കൊടുക്കുകയും ചെയ്തു. അഞ്ചെട്ട് പ്രാവശ്യം ഇത് ആവർത്തിച്ചപ്പോൾ സ്കോഡ് ‘തടിയുണ്ടെങ്കിൽ നയിച്ചു

തിന്നാം' എന്ന മട്ടിൽ മാധവൻമാഷെ പാടത്ത് ഉപേക്ഷിച്ച് സ്വയം സലാമത്തായി. മാഷ് ചെളിയിൽ കുളിച്ച് പഴം പൊരി പരുവത്തിൽ പാടത്തിന്റെ നടുവിൽ ഒരു ചോദ്യചിഹ്നം പോലെ നിന്ന് വിയർത്തു.

പ്രസ്തുത സംഭവത്തോടെ അബുവും മാധവൻ മാഷും മുടിയാന്തരം ശത്രുക്കളായി ജീവിച്ചു എന്നാണ് നിങ്ങൾ കരുതിയത് എങ്കിൽ തെറ്റി. മറിച്ചാണ് സംഭവിച്ചത്. അവർ പൂർവ്വാധികം ലോഹ്യത്തിലാണ് ലോഹ്യത്തിലാകുന്നതാണ് പിന്നീട് ലോകത്തിന് കാണാൻ കഴിഞ്ഞത്. ഈ ലോഹ്യപ്പെടലിനിടയിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അബുവിന് മനസ്സിലാക്കിക്കൊടുക്കുന്നതിൽ മാധവൻ മാഷ് ദയനീയമായി പരാജയപ്പെടുകയും മീൻപിടുത്തത്തിന്റെ മഹാത്മ്യം മാധവൻ മാഷെ ബോധ്യപ്പെടുത്തുന്നതിൽ അബു വൻതോതിൽ വിജയിക്കുകയും ചെയ്തതായാണ് ചരിത്രം രേഖപ്പെടുത്തിയത്. അബു തന്റെ സഞ്ചാരപഥം മാഷുടെ വീടിന്റെ മുമ്പിലൂടെയുള്ള ഇടവഴി മാർഗ്ഗമാക്കി മാറ്റി വരച്ചതായും, അവന്റെ കുറ്റിമ്പാള അവിടെ എത്തുമ്പോൾ കനം പകുതി കുറയുന്നതായും സൂക്ഷ്മജ്ഞാനികൾ വിലയിരുത്തിയിട്ടുണ്ട്.

അബു നല്ലവനാണെന്നും അവനന്നത് ചെയ്തത് വെയില് കൊണ്ട് 'ഗോരോചൻ' കോപിച്ചത് കൊ ണ്ടാണെന്നും ഒരു പാരമ്പര്യ വൈദ്യൻ കൂടിയായ മാധവൻ മാസ്റ്റർ ശിഷ്യഗണങ്ങളായ ഞങ്ങളോട് ഉദാഹരണ സഹിതം വിശദീകരിച്ചത് ഓർമ്മയുണ്ട്. കോപിക്കാനൊരു 'ഗോരോചൻ' ഇല്ലാതെപ്പോയതായിരുന്നു പിന്നീടുള്ള കാലത്ത് ഞങ്ങളുടെ സ്വകാര്യ ദുഃഖം.

**അബ്ദുൽ കരീം വെസ്റ്റ് കൊടിയത്തൂർ**
*എഴുത്തുകാരൻ, നാടക രചയിതാവ്, നടൻ*
*കാലിക്കറ്റ് യൂണിവേഴ്സിറ്റി ലൈബ്രറിയിൽ*
*സെക്ഷണൽ ഓഫീസർ*